# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം: ആരോഗ്യ വകുപ്പ് – ഭരണപരമായ കാര്യങ്ങൾ കാര്യക്ഷമമാക്കുന്നതിന് ജില്ലകളുടെ ചാർജ്ജ് സൂപ്രണ്ടുമാർക്ക് നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18-03-2020 ലെ ഇ.ഡി. (ഡി)/45/2020 എന്ന ഉത്തരവ്.

**ഉത്തരവ് നം. ഒ&എം4-26760/2020/ആ.വ.ഡ. തീയതി: 07-05-2020**

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്റ്റേറ്റ് കൺട്രോൾ റൂമിന് ആവശ്യമായ വിവരങ്ങൾ ജില്ലകളിൽ നിന്നും യഥാസമയം ലഭ്യമാക്കുന്നതിനും ജില്ലകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഡയറക്ടറേറ്റിലെ 14 സൂപ്രണ്ടുമാർക്ക് ഓരോ ജില്ലയുടെ ചാർജ്ജ് സൂചന ഉത്തരവ് പ്രകാരം നൽകുകയുണ്ടായി.

വളരെ സ്തുത്യർഹമായ രീതിയിൽ പ്രസ്തുത ടീം പ്രവർത്തിക്കുന്നുവെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ജില്ലാ മെഡിക്കൽ ഓഫീസുകളെയും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനെയും തമ്മിൽ ബന്ധിപ്പിച്ച് ഭരണപരമായ കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനു വേണ്ടിയും ഓഫീസുകൾ തമ്മിലുള്ള ബന്ധം ദൃഢമാക്കുന്നതിനുവേണ്ടിയും ലെയ്സൺ ടീമിന്റെ സേവനം ഉപയോഗിക്കാമെന്ന് നിശ്ചയിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറേറ്റിലെ 14 സൂപ്രണ്ടുമാർക്ക് ഓരോ ജില്ലയുടെ ചുമതല നൽകി ഉത്തരവാകുന്നു. ഈ ടീമിന്റെ സംസ്ഥാനതലത്തിലുള്ള ഏകോപനം ഒ&എം സെക്ഷനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. അതോടൊപ്പം ജില്ലാ മെഡിക്കൽ ഓഫീസിനെ പ്രതിനിധീകരിച്ച് ഒരു ജൂനിയർ സൂപ്രണ്ട് / ഹെഡ് ക്ലാർക്കിന് ഡയറക്ടറേറ്റിലെ ജീവനക്കാരെ സഹായിക്കുന്നതിനുള്ള ചുമതലയും നൽകുന്നു.

ഡയറക്ടറേറ്റിലെയും ജില്ലകളിലെയും ജീവനക്കാർ ഔദ്യോഗിക കാര്യങ്ങളിൽ പരസ്പര ധാരണയോടെ പ്രവർത്തിക്കേണ്ടതാണ്. ഇത് തികച്ചും ഭരണപരമായ കാര്യനിർവ്വഹണത്തിനു മാത്രമായതിനാൽ സീനിയോറിറ്റി, തസ്തിക മുതലായ മാനദണ്ഡങ്ങളൊന്നും പരിഗണിച്ചിട്ടില്ല. കൂടാതെ ജൂനിയർ സൂപ്രണ്ട് / ഹെഡ് ക്ലാർക്ക് എന്നിവർക്ക് കൂടുതൽ ചുമതല നൽകുന്നതിനുകൂടി ഈ അവസരം വിനിയോഗിക്കുകയാണ്. ജോലിഭാരം പരിഗണിച്ച് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സീനിയർ സൂപ്രണ്ട് (ജനറൽ) എന്നിവരെയും ജില്ലാതല ആഡിറ്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് ഓഫീസിനു വെളിയിൽ കൂടുതൽ സമയം ചെലവിടുന്നതിനാൽ സീനിയർ സൂപ്രണ്ട് (ഓഡിറ്റ്) നെയും ഒഴിവാക്കുന്നു.

## ലെയ്സൺ ടീമിന്റെ ലക്ഷ്യങ്ങൾ.

1. നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി, നിയമസഭാ സമിതികൾക്കുള്ള മറുപടി മുതലായവ വളരെ വേഗത്തിൽ കൃത്യതയോടെ ഡയറക്ടറേറ്റിൽ എത്തിക്കുന്നതിന് സഹായിക്കുക.
2. ജീവനക്കാരുടെ ഒഴിവുകൾ, നിയമന വിവരങ്ങൾ, ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെടുന്ന മറ്റ് റിപ്പോർട്ടുകൾ എന്നിവ യഥാസമയം കൃത്യതയോടെ എത്തിക്കുക.

3. ഡയറക്ടറേറ്റിൽ നിന്നും ജില്ലകൾക്ക് ലഭിക്കുന്ന അറിയിപ്പുകളുടെ ഉടൻ നടപടി സ്വീകരിക്കുക
4. ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളും തമ്മിലുള്ള ബന്ധം ദൃഢവും ഊഷ്മളവുമാക്കുക.

ഇപ്രകാരം ലെയ്സൺ പ്രവർത്തനത്തിനായി നിയോഗിക്കപ്പെടുന്ന ജീവനക്കാരന് വിരമിക്കൽ / ഉദ്യോഗക്കയറ്റം / സ്ഥലംമാറ്റം എന്നിവമൂലം ഓഫീസ് മാറേണ്ടി വന്നാൽ പകരം ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർ ഈ ചുമതല നിർവ്വഹിക്കേണ്ടതാണ്.

അനുബന്ധത്തിൽ പരാമർശിക്കുന്ന ജീവനക്കാരെ ലെയ്സൺ ജോലികൾക്കായി നിയോഗിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ. സരിത.ആർ.എൽ.
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:

വ്യക്തികൾക്ക് / എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

പകർപ്പ്:

1) ആരോഗ്യ വകുപ്പ് ഡയറക്ടർ (സി.എ. മുഖാന്തിരം)
2) എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും (സി.എ. മുഖാന്തിരം)
3) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (സി.എ. മുഖാന്തിരം)
4) സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
5) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (എഫ്.ഡബ്ല്യു / പ്ലാനിംഗ്)
6) അക്കൗണ്ട്സ് ഓഫീസർ(എഫ്.ഡബ്ല്യു)
7) എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്

SS-30-04-2020

# അനുബന്ധം

| ക്രമ നം. | ജില്ലയുടെ പേര് | സംസ്ഥാനതല ലെയ്സൺ ഓഫീസർ | | | ജില്ലാതല ലെയ്സൺ ഓഫീസർമാർ | |
|---|---|---|---|---|---|---|
| | | പേര് | സെക്ഷൻ | മൊബൈൽ നമ്പർ | പേര് | മൊബൈൽ നമ്പർ |
| 1 | തിരുവനന്തപുരം | ശ്രീ. പത്മകുമാർ.കെ.എസ്, ജൂനിയർ സൂപ്രണ്ട് | MSA | 8281090808 | ശ്രീ. ഗിരീശൻപിള്ള, ഹെഡ് ക്ലാർക്ക് | 9746184635 |
| 2 | കൊല്ലം | ശ്രീ. വി.കെ.രാജൻ, സീനിയർ സൂപ്രണ്ട് | PLB | 9947718166 | ശ്രീ. ഹരിലാൽ.ജി, ജൂനിയർ സൂപ്രണ്ട് | 9447211046 |
| 3 | ആലപ്പുഴ | ശ്രീ. സുനിൽകുമാർ.പി, സീനിയർ സൂപ്രണ്ട് | EA | 9497731818 | ശ്രീ. വി.പ്രകാശ്, ജൂനിയർ സൂപ്രണ്ട് | 9495477058 |
| 4 | പത്തനംതിട്ട | ശ്രീ. ലാൽകൃഷ്ണൻ.കെ, സീനിയർ സൂപ്രണ്ട് | ED | 9446110187 | ശ്രീ. രാജു.റ്റി.കെ, ജൂനിയർ സൂപ്രണ്ട് | 6238355102 |
| 5 | കോട്ടയം | ശ്രീ. സുനിൽകുമാർ.സി.എ, സീനിയർ സൂപ്രണ്ട് | MSP | 9447246097 | ശ്രീമതി.ഷില.വി.നായർ, ജൂനിയർ സൂപ്രണ്ട് | 9495735369 |
| 6 | ഇടുക്കി | ശ്രീ. ബാജിമോൻ.എസ്, സീനിയർ സൂപ്രണ്ട് | AC | 9446591515 | ശ്രീമതി. സുശീല മേരി, ജൂനിയർ സൂപ്രണ്ട് | 9446038190 |
| 7 | എറണാകുളം | ശ്രീ. മോഹൻകുമാർ.സി.വി, സീനിയർ സൂപ്രണ്ട് | O&M | 9446849441 | ശ്രീമതി. ബിന്ദു, ജൂനിയർ സൂപ്രണ്ട് | 9495747014 |
| 8 | തൃശ്ശൂർ | ശ്രീമതി. ശോഭ.കെ.ആർ, സീനിയർ സൂപ്രണ്ട് | AE | 9495520732 | ശ്രീ ഷൈൻകുമാർ.എ.ആർ ജൂനിയർ സൂപ്രണ്ട് | 9497316185 |
| 9 | പാലക്കാട് | ശ്രീ. ജോണി ജോൺ, സീനിയർ സൂപ്രണ്ട് | MH | 9447013192 | ശ്രീ. ഗിരീഷ് കുമാർ, ജൂനിയർ സൂപ്രണ്ട് | 8848714016 |
| 10 | മലപ്പുറം | ശ്രീ. റോഷൻലാൽ, സീനിയർ സൂപ്രണ്ട് | HT | 9446423592 | ശ്രീ. പ്രസന്നൻ.എച്ച്, ജൂനിയർ സൂപ്രണ്ട് | 9995542307 |
| 11 | കോഴിക്കോട് | ശ്രീമതി. ജയലത, സീനിയർ സൂപ്രണ്ട് | EF | 8606587071 | ശ്രീ. സജിത്.കെ, ജൂനിയർ സൂപ്രണ്ട് | 9497070021 |
| 12 | വയനാട് | ശ്രീമതി. ഷെർളി, സീനിയർ സൂപ്രണ്ട് | FWA | 9497548586 | ശ്രീ. ഇബ്രാഹിം.പി.എം, ജൂനിയർ സൂപ്രണ്ട് | 8547130986 |
| 13 | കണ്ണൂർ | ശ്രീ. പ്രകാശ് മണികണ്ഠൻ.കെ, സീനിയർ സൂപ്രണ്ട് | EG | 9447447689 | ശ്രീ. വേണുഗോപാൽ, ജൂനിയർ സൂപ്രണ്ട് | 9495369974 |
| 14 | കാസർഗോഡ് | ശ്രീ. തുളസീധരൻ ആചാരി.പി, ജൂനിയർ സൂപ്രണ്ട് | PH | 9846547606 | ശ്രീ. ജയറാം.സി.എം, ജൂനിയർ സൂപ്രണ്ട് | 9495488691 |

(ഒപ്പ്)

ഡോ. സരിത.ആർ.എൽ.

ആരോഗ്യ വകുപ്പ് ഡയറക്ടർ